പ്രസംഗത്തിന് മറുപടി പറയവേ 29-1-2014-ൽ മങ്കട സി.എച്ച്.സി. താലൂക്കാശുപത്രിയാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ധനകാര്യ വകുപ്പുമന്ത്രി ഉറപ്പ് നൽകിയിരുന്നു. ഒരു പി.എച്ച്.സി.-യുടെ അവസ്ഥയിലാണ് ഈ സി.എച്ച്.സി. പോകുന്നത്. ധനകാര്യ വകുപ്പിന്റെ നിയന്ത്രണങ്ങൾ കാരണം ഇതിന്റെ നടപടിക്രമങ്ങളിലേയ്ക്ക് കടക്കാത്ത സാഹചര്യത്തിൽ ആ താലൂക്കിലെ മുഴുവൻ ജനങ്ങൾക്കും ഏക ആശ്രയമായ മങ്കട സി.എച്ച്.സി.-യെ താലൂക്കാശുപത്രിയായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് നടപ്പിലാകുന്നതുവരെ ഒരു സി.എച്ച്.സി.-യുടെ സ്റ്റാഫ് പാറ്റേണെങ്കിലും അടിയന്തരമായി അനുവദിച്ചുകൊണ്ട് ജനങ്ങളെ സഹായിക്കണമെന്നും ഈ അവഗണന അവസാനിപ്പിക്കണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, മലപ്പുറം ജില്ലയിലെ മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്കാശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച് 2014-15-ലെ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇതുസംബന്ധിച്ച് സർക്കാരിന് ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ചതിൽ അറുപത്തിയെട്ടോളം പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് ധനവ്യയ നിയന്ത്രണം നിലനിന്നിരുന്നതിനാൽ കഴിഞ്ഞവർഷം പരിഗണിക്കാൻ കഴിഞ്ഞില്ല. വീണ്ടും ഈ വർഷം ധനകാര്യ വകുപ്പിന്റെ അംഗീകാരം തേടിക്കൊണ്ട് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. സി.എച്ച്.സി. സ്റ്റാഫ് പാറ്റേൺ അനുവദിക്കുന്നതിന് പുതിയ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യേണ്ടതുണ്ട്. എന്തായാലും പ്രസ്തുത ആശുപത്രിയിൽ അടിയന്തരമായി എൻ.ആർ.എച്ച്.എം. മുഖേന ഡോക്ടർമാരെ നിയമിക്കുന്നതിനെക്കുറിച്ച് ആലോചിക്കാം. താലൂക്കാശുപത്രിയുടെ പോസ്റ്റ് ക്രിയേഷനുമായി ബന്ധപ്പെട്ട് ഈ വർഷംതന്നെ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതാണ്.

VII മേശപ്പുറത്തുവച്ച കടലാസുകൾ

(1) ചട്ടം 47 (2) അനുസരിച്ചുള്ള ലിസ്റ്റ് - I പ്രകാരം

1. വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 2396, അഞ്ചാം സമ്മേളനത്തിലെ 4245, 4257 ഒൻപതാം സമ്മേളനത്തിലെ 2612,

LIBRARY ARCHIVES Kerala Legislative Assembly

4252, 4277, 5647, 5683 പത്താം സമ്മേളനത്തിലെ 1077, 1164, 2885, 2934, 4367 പതിനൊന്നാം സമ്മേളനത്തിലെ 2638, 2639, 2681, 2684, 2688, 2716, 2724, 4307, 4318, 4351, 4353, 4356, 4357, 6986, 7047, 7100 പന്ത്രണ്ടാം സമ്മേളനത്തിലെ 1108, 1113, 1120, 1164, 2912, 2948, 3009, 3033, 3034, 3047, 4606, 4612, 4619, 4629, 4637, 4647, 4659, 4664, 4681, 4690, 4698, 4700, 4713, 4714, 4715, 4717, 4722, 4723 പതിമൂന്നാം സമ്മേളനത്തിലെ 1130, 1131, 2733 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

2. റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 3032, പതിനൊന്നാം സമ്മേളനത്തിലെ 1172, 4419, 7115 പന്ത്രണ്ടാം സമ്മേളനത്തിലെ 1298, 3054, 4732, 4735 പതിമൂന്നാം സമ്മേളനത്തിലെ 1168, 2857 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

(1) ചട്ടം 236 (5) അനുസരിച്ചുള്ള ലിസ്റ്റ് - II പ്രകാരം

1. റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി II-ന്റെ 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 3, 19 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസ പത്രിക.

2. പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly